LIBRARY ARCHIVES Kerala Legislative Assembly

തലസ്ഥാന നഗരിയിൽ അന്താരാഷ്ട്ര നിലവാരമുള്ള കൺവെൻഷൻ സെന്റർ സ്ഥാപിക്കാൻ നടപടി

5 (4440) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിൽ അന്തർദ്ദേശീയ നിലവാരമുള്ള ഒരു കൺവെൻഷൻ സെന്റർ ഇല്ലാത്തതുകാരണം പല അന്തർദ്ദേശീയ സമ്മേളനങ്ങളും സംസ്ഥാനത്തിന് നഷ്ടപ്പെടുന്നുവെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തലസ്ഥാന നഗരിയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു കൺവെൻഷൻ സെന്റർ സ്ഥാപിക്കാൻ സർക്കാർ മുൻകൈ എടുക്കുമോ ?

ഉത്തരം

(എ&ബി) തലസ്ഥാന നഗരിയിൽ അന്തർദ്ദേശീയ നിലവാരമുള്ള ഒരുകൺവെൻഷൻ സെന്റർ ഇല്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ന്യൂഡൽഹിയിലുള്ള "ഇന്ത്യാ ഹാബിറ്റാറ്റ് സെന്ററിന്റെ" മാതൃകയിൽ എല്ലാ സംസ്ഥാന തലസ്ഥാനങ്ങളിലും ഹാബിറ്റാറ്റ് സെന്ററുകൾ സ്ഥാപിക്കാനുള്ള സാദ്ധ്യത കേന്ദ്രസർക്കാരിന്റെ നഗരവികസന മന്ത്രാലയം പരിഗണിക്കുന്നുണ്ട്. ഹാബിറ്റാറ്റ് സെന്ററിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ "തലസ്ഥാനത്തുള്ള സമ്മേളന സൗകര്യങ്ങൾ മികച്ച രീതിയൽ വികസിപ്പിക്കുക" എന്നതും ഉൾപ്പെട്ടിട്ടുണ്ട്. കേരളത്തിന്റെ തലസ്ഥാനനഗരിയിലും "ഹാബിറ്റാറ്റ് സെന്റർ" സ്ഥാപിക്കാനുള്ള പദ്ധതി പരിഗണിക്കാൻ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കാര്യത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

ജനസംഖ്യാ കണക്കുകൾ

6 (4441) ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ഷിബു ബേബി ജോൺ :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. എ. എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ജനസംഖ്യയെ സംബന്ധിച്ച് ഏറ്റവും പുതിയ കണക്കുകൾ ലഭ്യമായിട്ടുണ്ടോ ;

(ബി) എങ്കിൽ പുതിയ കണക്കനുസരിച്ച് ജനസംഖ്യയിൽ കുറവ് വന്നിട്ടുള്ള ജില്ലകളുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഏതൊക്കെ ജില്ലകളിലാണ് ജനസംഖ്യയിൽ വർദ്ധന ഉണ്ടായിട്ടുള്ളതെന്നും ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(ഡി) പുതിയ കണക്കുകളനുസരിച്ച് ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള ജില്ല ഏതാണെന്നും ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ല ഏതാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2001-ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യയെ സംബന്ധിച്ചുള്ള പ്രൊവിഷണൽ കണക്കുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഒരു ജില്ലയിലും ജനസംഖ്യയിൽ കുറവ് വന്നിട്ടില്ല.

(സി) എല്ലാ ജില്ലകളിലും ജനസംഖ്യയിൽ വർദ്ധനയുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള ജില്ല—ആലപ്പുഴ ജില്ല.

ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ല—മലപ്പുറം

സർക്കാർ ഓഫീസ് കോംപ്ലക്സുകളിൽ നടക്കുന്ന മതപ്രചരണം

7 (4442) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ഓഫീസ് കോംപ്ലക്സുകളിൽ ചില സംഘടനകൾ സ്ഥിരമായി നടത്തിവരുന്ന മത-ജാതി പ്രചരണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മതസൗഹാർദ്ദത്തിനും മതേതരത്വത്തിനും ഹാനികരമായ ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ചില ഉന്നത ഉദ്യോഗസ്ഥൻമാർ തങ്ങളുടെ മത-ജാതി വിശ്വാസങ്ങൾ പ്രചരിപ്പിക്കുന്നതിന് സഹായകരമായ നിലയിലുള്ള ഫോട്ടോകൾ ഓഫീസ്മുറികളിൽ പ്രദർശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത്തരം പ്രവണതകൾ നിരുത്സാഹപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

വിദേശ സാമ്പത്തിക സഹായമുള്ള സന്നദ്ധ സംഘടനകൾ

8 (4443) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് വിദേശത്തുനിന്നും സാമ്പത്തിക സഹായം സ്വീകരിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണമോ നിബന്ധനകളോ ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

† അനുബന്ധം - V

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

[30-7-2003-ലെ 6(4441)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

നമ്പർ	ജില്ല	1991	2001	വർദ്ധനവ്(%)
1	കാസർഗോഡ്	1071508	1203342	12.30
2	കണ്ണൂർ	2251727	2412365	7.13
3	വയനാട്	672128	786627	17.04
4	കോഴിക്കോട്	2619941	2878498	9.87
5	മലപ്പുറം	3096330	3629640	17.22
6	പാലക്കാട്	2382235	2617072	9.86
7	തൃശൂർ	2737311	2975440	8.70
8	എറണാകുളം	2817236	3098378	9.09
9	ഇടുക്കി	1078066	1128605	6.96
10	കോട്ടയം	1828271	1952901	6.76
11	ആലപ്പുഴ	2001217	2105349	5.21
12	പത്തനംതിട്ട	1188332	1231577	3.72
13	കൊല്ലം	2407566	2584118	7.33
14	തിരുവനന്തപുരം	2946650	3234707	9.78

LIBRARY ARCHIVES Kerala Legislative Assembly